# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 200 30/11/2015-ൽ മറുപടിയ്ക്ക്**

**മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

**ചോദ്യം**

**ശ്രീ. ഇ. കെ. വിജയൻ:**

(എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് നേരിട്ട് 2012-15 കാലയളവിൽ മത്സ്യസമൃദ്ധി പദ്ധതിയുടെ ഒന്നാംഘട്ടം വിജയകരമായി പൂർത്തീകരിക്കുകയും 2015-18 കാലയളവിൽ തുടർ പദ്ധതിയെന്ന നിലയിൽ മത്സ്യസമൃദ്ധി രണ്ടാംഘട്ടം നടപ്പിലാക്കിവരുകയും ചെയ്യുന്നു.ഫിഷറീസ് വകുപ്പ് ഏജൻസി മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഫിർമ വഴിയുള്ള പദ്ധതികൾ

ഏഴ് മത്സ്യസങ്കേത പദ്ധതി നടപ്പിലാക്കി വരുന്നു. കണ്ണൂർ ജില്ലയിലെ വളപട്ടണം പുഴയിൽ ആറ്റുകൊഞ്ച് പുനരധിവാസ പദ്ധതി, പഴശ്ശി, മലമ്പുഴ റിസർവ്വോയറുക ളിലും കൽപ്പുഴ തടാകത്തിലും കൂടുകളിലെ മത്സ്യകൃഷി, ഭൂതത്താൻകെട്ട്, പരപ്പനങ്ങാടി എന്നിവിടങ്ങളിലെ മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങളുടെ നിർമ്മാണം, അലങ്കാര മത്സ്യ വിത്തുല്പാദന കേന്ദ്രം (എൻ.എഫ്.ഡി.ബി) ധനസഹായം, അലങ്കാര മത്സ്യ കേന്ദ്രം, നെയ്യാർ.

അഡാക്ക് വഴിയുള്ള പദ്ധതികൾ

13-ാം ധനകാര്യകമ്മിഷൻ കുട്ടനാട്ട് പാക്കേജ് പദ്ധതി പ്രകാരം ഒരു നെല്ലും ഒരു മീനും പദ്ധതി, വലവളപ്പുകളിലെ മത്സ്യകൃഷി, പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം, കൂടുകളിലെ മത്സ്യകൃഷി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. വെള്ളായണി കായലിൽ സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി മത്സ്യ സങ്കേതം സ്ഥാപിയ്ക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 13-ാം ധനകാര്യ കമ്മിഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മുഹമ്മ ഗ്രാമപഞ്ചായത്തിലെ പാതിരാമണലിൽ ഒരു മത്സ്യസങ്കേതം സ്ഥാപിക്കാനുള്ള നടപടി പുരോഗമിച്ച് വരുന്നു, അഡാക്കിന്റെ ആയിരംതെങ്ങ് ഫിഷ് ഫാമിലും പൊയ്യ ഫാമിലും ഓരുജല സമ്മിശ്ര മത്സ്യകൃഷിയും, ആയിരംതെങ്ങിലെ സമുദ്ര മത്സ്യങ്ങളുടെ കൂടുകൃഷിയും, ആലപ്പുഴ ജില്ലയിൽ ക്യാറ്റ് ഫിഷ് കൃഷി, എറണാകുളം ആലപ്പുഴ വയനാട്, പാലക്കാട്, കോട്ടയം ജില്ലകളിൽ ഗിഫ്റ്റ് തിലാപ്പിയ കൃഷിയും നടപ്പിലാക്കി വരുന്നു. ആർ.കെ.വി.വൈ പദ്ധതി പ്രകാരം സമഗ്ര കോൾ വികസന പദ്ധതിയുടെ ഭാഗമായി തൃശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളിലെ സംയോജിത ആറ്റുകൊഞ്ച്/ മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) ശുദ്ധജല മത്സ്യകൃഷി ആരംഭിച്ചിരുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നത്;

(ബി) ശുദ്ധജല മത്സ്യകൃഷിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

**1. മത്സ്യസമൃദ്ധി**

- ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷിക്കും, പാടശേഖര മത്സ്യ/ആറ്റു കൊഞ്ച് കൃഷിക്കും ഹെക്ടറിന് 10000 രൂപയാണ് സബ്സിഡിയായി നൽകിവരുന്നത്.
- തെരഞ്ഞെടുത്ത മത്സ്യകർഷകർക്ക് ശാസ്ത്രീയ രീതിയിലുള്ള കൃഷിസമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള മത്സ്യകർഷക പരിശീലനം.
- ഗുണമേന്മ ഉറപ്പുവരുത്തിയ വിത്തുവിതരണം.
- മത്സ്യകർഷകർക്ക് മത്സ്യതീറ്റ സബ്സിഡി വിതരണം.
- വിള ഇൻഷ്വറൻസ് പദ്ധതി.
- മത്സ്യരോഗ നിയന്ത്രണ, നിവാരണത്തിന് സാങ്കേതിക ചർച്ചാ ക്ലാസ്സുകൾ.
- മത്സ്യവിപണനത്തിന് മത്സ്യകർഷക ക്ലബ്ബുകളുടെ കെട്ടിട നിർമ്മാണം.
- മത്സ്യകർഷകർക്ക് സൗജന്യമായി മത്സ്യകൃഷിയെ സംബന്ധിച്ച കൈപ്പുസ്തക വിതരണം.

**2.അഡാക്ക് വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

കൂടുകളിലെ കരിമീൻ കൃഷി - ഒരു ഗ്രൂപ്പിന് 8 ലക്ഷം രൂപ, വലവളപ്പുകളിലെ കൃഷി - ഒരു ഗ്രൂപ്പിന് 5 യൂണിറ്റുകളുടെ ആനുകൂല്യം (90,000/- രൂപ), കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000/- രൂപ, കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതിയ്ക്ക് പാടശേഖരസമിതികൾക്ക് നഴ്സറി ബണ്ട് നിർമ്മാണത്തിന് (60%) മത്സ്യആറ്റുകൊഞ്ച് വിത്തുകൾക്ക് (100%) കുളം ഒരുക്കലിനും മത്സ്യതീറ്റയ്ക്കും (75%) സബ്സിഡി നൽകി വരുന്നു.

**3.ഫിർമ വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

അലങ്കാര മത്സ്യകൃഷി നടത്തുന്ന കർഷകർക്ക് ഫിർമവഴി എൻ.എഫ്.ഡി.ബി യുടെ ധനസഹായം നൽകിവരുന്നു.

(സി) പ്രസ്തുത പദ്ധതിയ്ക്കായി ഓരോ ജില്ലയിലും നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**മത്സ്യസമൃദ്ധി**

സംസ്ഥാനത്തെ 14 ജില്ലകളിലായി മത്സ്യസമൃദ്ധി I & II ന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. 12319 ഹെക്ടർ ജലാശയത്തിൽ ശുദ്ധജല മത്സ്യ / ആറ്റു കൊഞ്ചു കൃഷി, പാടശേഖര മത്സ്യകൃഷി, ഓരുജല ചെമ്മീൻ കൃഷി എന്നിവ നടത്തുകയുണ്ടായി. സംസ്ഥാന മത്സ്യമായ കരിമീനിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി 153 കരിമീൻ വിത്ത് പരിപാലന യൂണിറ്റുകൾ, 3157 യൂണിറ്റ് അടുക്കളക്കുളങ്ങൾ,

211 കൂടുകളിലെ കരിമീൻ കൃഷി, 192.542 ഹെക്ടർ കുളത്തിലെ കരിമീൻ കൃഷി എന്നിവ നടപ്പിലാക്കി. 3846 യൂണിറ്റ് കല്ലുമ്മേക്കായ കൃഷിയും 157 ഞണ്ടുകൃഷി യൂണിറ്റുകളും. പൊതു ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ 14 ജില്ലകളിലെയും വിവിധ പൊതുജലാശയങ്ങളിലായി 114 ലക്ഷം മത്സ്യവിത്തുകൾ നിക്ഷേപിച്ച പരിപാടിയും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുകയുണ്ടായി. ഇതുകൂടാതെ 20172 മത്സ്യ കർഷകർക്ക് ശാസ്ത്രീയ മത്സ്യകൃഷിയിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

2. 7183 ഹെക്ടർ ജലാശയത്തിൽ കുളങ്ങളിലേയും ഇതര ജല സംഭരണികളിലേയും ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷയും, 2363 ഹെക്ടറിൽ പാടശേഖര മത്സ്യ/ആറ്റുകൊഞ്ച് കൃഷിയും നടപ്പിലാക്കി. പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം പൂർത്തിയായി. ഓരുജല ചെമ്മീൻ കൃഷി, കരിമീൻ കൃഷി, ഞണ്ടു കൃഷി, കല്ലുമ്മേക്കായ കൃഷി തുടങ്ങിയ ഘടക പദ്ധതികളുടെ സർവ്വേ, വിത്തു നിക്ഷേപം എന്നിവ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

<u>ഫിർമ വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

ആലപ്പുഴ, കണ്ണൂർ, പത്തനംതിട്ട, എറണാകുളം കൊല്ലം ജില്ലകളിലെ മത്സ്യ സങ്കേതം നിർമ്മാണം പുരോഗമിക്കുന്നു, കണ്ണൂർ ജില്ലയിലെ വളപ്പട്ടണം പുഴയിൽ ആറ്റു കൊഞ്ച് പുനരധിവാസ പദ്ധതി, പഴശ്ശി റിസർവ്വോയർ, മലമ്പുഴ റിസർവ്വോയർ കൽപ്പുഴ തടാകം എന്നിവിടങ്ങളിലെ കൂടുകളിലെ മത്സ്യകൃഷി പദ്ധതി പുരോഗമിക്കുന്നു, പരപ്പനങ്ങാടിയിലും 50 ലക്ഷവും ഭൂതത്താൻകെട്ടിൽ 10 ദശലക്ഷം വിത്തുല്പാദനശേഷിയുള്ള ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു, തിരുവനന്തപുരം ജില്ലയിലെ നെയ്യാറിൽ ഒരു അലങ്കാര വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നു.

<u>അഡാക്ക് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട -ഒരു നെല്ലും മീനും പദ്ധതി, ആലപ്പുഴ, കോട്ടയം-കൂടുകളിലെ മത്സ്യകൃഷി, പെൻ കൾച്ചർ,കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ, മത്സ്യ താവള നിർമ്മാണം, തൃശ്ശൂർ, മലപ്പുറം - കോൾ നിലങ്ങളിലെ ഒരു നെല്ലും മീനും പദ്ധതി(സംസ്ഥാനാവിഷ്കൃത പദ്ധതി), തൃശ്ശൂർ- കോൾനിലങ്ങളിലെ സംയോജിത ആറ്റ് കൊഞ്ച് മത്സ്യകൃഷി പദ്ധതി (ആർ.കെ.വി.വൈ 2013-14 &സംസ്ഥാനാവിഷ്കൃത പദ്ധതി 14-15), എറണാകുളം, വയനാട്, പാലക്കാട് - ഇന്നോവേറ്റീവ് അക്വാകൾച്ചർ പ്രാക്ടീസസ് (സംസ്ഥാനാവിഷ്കൃത പദ്ധതി 14-15).

**സെക്ഷൻ ആഫീസർ**